"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-കോഴിക്കോട് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.മോഹനൻ.റ്റി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച OA(EKM)1449/2023 ൻമേലുള്ള 24-8-2023ലെ ഉത്തരവ് നടപ്പിലാക്കി വിധിന്യായം പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2074/2023/LSGD തീയതി,തിരുവനന്തപുരം, 21-10-2023

---

പരാമർശം:-

1. ശ്രീ മോഹനൻ ടി സമർപ്പിച്ച 18-8-2023ലെ അപ്പീൽ അപേക്ഷ. (അനക്ഷർ A6)
2. ശ്രീ.മോഹനൻ.റ്റി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച OA(EKM)1449/2023 ൻമേലുള്ള 24-8-2023ലെ ഉത്തരവ്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 11-10-2023ലെ LSGD/PD/55458/2023-DEF3 നമ്പർ കത്ത്.
4. 11-10-2023ന് നടന്ന അപ്പീൽ കമ്മിറ്റിയുടെ തീരുമാനം.

**ഉത്തരവ്**

കോഴിക്കോട് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.മോഹനൻ.റ്റി യെ വടകര നഗരസഭയിലേക്ക് സ്ഥലം മാറ്റിയ ഉത്തരവിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കോടതി മുമ്പാകെ സമർപ്പിച്ച OA(EKM)1449/2023 ഹർജിയിൻമേലുള്ള പരാമർശം(2) ഉത്തരവ് പ്രകാരം , അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള അനക്ഷർ A6 അപ്പീൽ അഞ്ചാം എതിർകക്ഷിയായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.മോഹനൻ.റ്റി എന്നവർ കോഴിക്കോട് കോർപ്പറേഷനിൽ 23-3-2006 മുതൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്നതും, 31/01/2024 ന് സേവനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാരനുമാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ടുള്ള 22-3-2023ലെ സ.ഉ.(കൈ) നം.79/2023/തസ്വഭവ ഉത്തരവ് പ്രകാരം ഒരു ഓഫീസിൽ അതത് വർഷം മാർച്ച് 31- ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ എല്ലാ ജിവനക്കാരെയും സ്ഥലം മാറ്റേണ്ടതുണ്ടെന്നും, മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ എല്ലാ ജിവനക്കാരും സ്ഥലം മാറ്റത്തിന് അപേക്ഷിക്കേണ്ടതാണെന്നും, അല്ലാത്ത പക്ഷം പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ച എല്ലാ അപേക്ഷകളും പരിഗണിച്ചതിനു ശേഷമുള്ള ഒഴിവുകളിലേക്ക് മാത്രമേ ടിയാളുകളെ

പരിഗണിക്കുകയുള്ളുവെന്നും ഉത്തരവായിട്ടുണ്ട് എന്നും ടി ഉത്തരവ് പ്രകാരമാണ് ശ്രീ.മോഹനൻ.റ്റി യ്ക്ക് വടകര നഗരസഭയിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളത് എന്നും പരാമർശം(3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. 22-3-2023ലെ സ.ഉ.(കൈ) നം.79/2023/തസ്വഭവ ഉത്തരവിലെ 7 ( ഇ) പ്രകാരം രണ്ട് വർഷത്തിനുള്ളിൽ വിരമിക്കുന്ന ജീവനക്കാർ പൊതുസ്ഥലം മാറ്റത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്ന പക്ഷം, അവർ അപേക്ഷിക്കുന്ന സ്റ്റേഷനിലേക്ക് മുൻഗണന നൽകുകയാണ് ചെയ്യുന്നത് എന്നും മുൻഗണ ലഭിക്കുന്നവർക്ക് നിശ്ചിത ശതമാന പരിധി പാലിച്ചുകൊണ്ട് സ്ഥലംമാറ്റം അനുവദിക്കും എന്നും ശ്രീ.മോഹനൻ.ടി പട്ടികജാതി വിഭാഗത്തിൽപെട്ട ജീവനക്കാരനാണെന്ന് അപ്പീലിൽ സൂചിപ്പിച്ചിട്ടുണ്ട് എന്നും ടി ജീവനക്കാർ പൊതുസ്ഥലം മാറ്റത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്ന പക്ഷം, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് അർഹതപ്പെട്ട മുൻഗണനാ മാർക്ക് നൽകുകയാണ് ചെയ്യുന്നത് എന്നും എന്നാൽ ശ്രീ.മോഹനൻ.ടി പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാതിരുന്നതിനാൽ മേൽ പ്രസ്താവിച്ചിട്ടുള്ളവയ്ക്ക് മുൻഗണന / മുൻഗണന മാർക്ക്, പൊതുസ്ഥലം മാറ്റത്തിനുള്ള സോഫ്റ്റ് വെയറിൽ നൽകുന്നതിന് സാധിച്ചിട്ടില്ല എന്നും ഉത്തരവിലെ ഖണ്ഡിക 3(ജി) പ്രകാരം ജില്ലയ്ക്ക് പുറത്ത് നിന്നും അർഹരായ ജീവനക്കാർക്ക് ഹോം ജില്ലയിലേക്ക് തിരികെ വരുന്നതിലേക്ക് ജില്ലക്കകത്തുള്ള ജീവനക്കാരെ സ്ഥലംമാറ്റേണ്ടിവരുന്ന സാഹചര്യത്തിൽ വിരമിക്കാൻ ഒരു വർഷംവരെ മാത്രം കാലയളവുള്ള ജീവനക്കാരെ ഉദ്ദേശിച്ചുകൊണ്ട് മാത്രമുള്ളതാണ് എന്നും ഇത് ശ്രീ. മോഹനൻ.റ്റി യുടെ കാര്യത്തിൽ ബാധകമല്ലെന്നും ആയതിനാൽ ഹർജിക്കാരനായ ഓഫീസ് അറ്റൻഡന്റ് ശ്രീ.മോഹനൻ.റ്റി ഉന്നയിച്ച ആക്ഷേപങ്ങൾ നിലനിൽക്കുന്നതല്ലെന്നും സർക്കാർ ഉത്തരവും നിലവിലുള്ള മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടും മാത്രമാണ് online software വഴി പൊതു സ്ഥലംമാറ്റം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു

3. തുടർന്ന് ശ്രീ.മോഹനൻ.റ്റി യുടെ അപ്പീൽ അപേക്ഷ 11-10-2023ന് നടന്ന അപ്പീൽ കമ്മിറ്റിയിൽ പരിഗണിക്കുകയും ശ്രീ.മോഹനൻ.റ്റി 31/01/2024 ന് സേവനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാരനാണ് എന്നത് കണക്കിലെടുത്ത് ടിയാനെ നിലവിൽ സേവനമനുഷ്ഠിക്കുന്ന കോഴിക്കോട് നഗരസഭയിൽ നിലനിർത്തുവാൻ അപ്പീൽ കമ്മിറ്റി ശിപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അപ്പീൽകമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. അപ്പീൽ കമ്മിറ്റിയുടെ ശുപാർശ ചെയ്തതിൻ പ്രകാരം ശ്രീ.മോഹനൻ.റ്റി യെ നിലവിൽ സേവനമനുഷ്ഠിക്കുന്ന കോഴിക്കോട് നഗരസഭയിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുവാൻ കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവാകുന്നു.

4 പരാമർശം (2) പ്രകാരമുള്ള ഉത്തരവ് മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട്
സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.മോഹനൻ റ്റി,ഓഫീസ് അറ്റൻഡന്റ്,കോഴിക്കോട് നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 21-10-2023 16:15:36
സെക്ഷൻ ഓഫീസർ